കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മാവേലിക്കര നഗരസഭ - സെക്ഷൻ ക്ലാർക്ക് ശ്രീ. കെ. അറഫ്, ഡഫേദാർ ശ്രീമതി. നിർമ്മല, യു.ഡി.ക്ലാർക്ക് ശ്രീമതി. സി.ആർ. ശാന്തി എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==========================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1286/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.04.2015.

==========================================================

പരാമർശം:-
1) 12.11.2013-ലെ 18125/ഇയു2/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
2) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. കെ. അഷറഫിന്റെ 15.01.2014-ലെ മറുപടി.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീമതി. സി.ആർ. ശാന്തിയുടെ 21.01.2014-ലെ മറുപടി.
4) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീമതി. നിർമ്മലയുടെ മറുപടി.
5) നഗരകാര്യ ഡയറക്ടറുടെ 13.08.2014-ലെ വി1-10602/05/ഡിയുഎ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മാവേലിക്കര മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥൻ കൈക്കൂലി ആവശ്യപ്പെട്ടതായുള്ള ആരോപണം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ നടത്തിയ മിന്നൽ പരിശോധനയിൽ യു.ഡി. ക്ലാർക്ക് ശ്രീമതി. സി.ആർ. ശാന്തി, ഡഫേദാർ ശ്രീമതി. നിർമ്മല എന്നിവർ അവധി അപേക്ഷ നൽകാതെ ഡ്യൂട്ടിക്ക് ഹാജരായില്ല എന്നും ശ്രീ. ദിലീപ് കോശി ജോൺ, സുധീപ് സക്കറിയ ജോൺ എന്നിവരുടെ പെർമിറ്റ് അപേക്ഷയിൽ സെക്രട്ടറി ആവശ്യപ്പെട്ട റിപ്പോർട്ട് നൽകുന്നതിന് സെക്ഷൻ ക്ലാർക്ക് ശ്രീ. കെ. അഷറഫ് മന:പൂർവ്വം കാലതാമസം വരുത്തിയതിന് ടിയാൻ ഉത്തരവാദിയാണെന്നും കണ്ടെത്തുകയുണ്ടായി. ടി ക്രമക്കേടുകൾക്ക് ഉത്തരവാദിയായവർക്ക് പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് പരാമർശം (2), (3), (4) എന്നിവ പ്രകാരം ശ്രീ. കെ. അഷറഫ്, ശ്രീമതി. സി. ആർ. ശാന്തി, ശ്രീമതി. നിർമ്മല എന്നിവർ മറുപടി നൽകുകയുണ്ടായി.

സെക്ഷൻ ക്ലാർക്കായ ശ്രീ. കെ. അഷറഫ് പെർമിറ്റ് അപേക്ഷയിൽ സെക്രട്ടറി ആവശ്യപ്പെട്ട റിപ്പോർട്ട് നൽകുന്നതിൽ മന:പൂർവ്വം കാലതാമസം വരുത്തി എന്ന ആരോപണത്തിന് മന:പൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ല എന്നും കെട്ടിടങ്ങളുടെ പേരുമാറ്റത്തിന് അപേക്ഷ ലഭിച്ച സാഹചര്യത്തിൽ നഗരസഭയുടെ അഭിഭാഷകനിൽ നിന്നും നിയമോപദേശം കാത്തിരുന്നതിനാലാണ് ഫയൽ പെൻഡിംഗിൽ വച്ചത് എന്ന് വിശദീകരണം തന്നിരിക്കുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വിശദീകരണം ശരിയാണെന്ന് കാണുന്നുവെന്നും ശ്രീ. കെ. അഷറഫ് ഫയൽ നടപടികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനല്ലെന്നും ആയതിനാൽ ടിയാളെ മേൽ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സീനിയർ ക്ലാർക്ക് ശ്രീമതി. സി. ആർ. ശാന്തി മിന്നൽ പരിശോധന ദിവസം അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നു എന്ന ആരോപണത്തിന് ഭർതൃ മാതാവിന് ഹൃദയസംബന്ധമായ അസുഖം കൂടുതലായി

ഹോസ്പിറ്റലൈസ്ഡ് ചെയ്യേണ്ടി വന്നുവെന്നും അവധി വിവരം ഫോണിൽ അറിയിച്ചിരുന്നുവെന്നും അടുത്ത ദിവസം കമ്മ്യൂട്ടഡ് ലീവിന് അപേക്ഷ നൽകി അവധി അനുവദിച്ചിട്ടുള്ളതുമാണ് എന്ന് മറുപടി നൽകിയിരിക്കുന്നു. രേഖകൾ പരിശോധിച്ചതിൽ വിശദീകരണം തൃപ്തികരമായി തോന്നുന്നില്ല. യു.ഡി.സി. ശ്രീമതി. ശാന്തി, ഡഫേദാർ നിർമ്മല എന്നിവർ ആബ്സന്റ് ആണെന്ന് ജൂനിയർ സൂപ്രണ്ട് അറിയിച്ചു എന്ന റിപ്പോർട്ട് ഇത് ഫോണിൽ മുൻകൂട്ടി അറിയിച്ചിരുന്നില്ല എന്നതിന് തെളിവാണ്. അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 24.05.2011-ൽ മാത്രമല്ല 22.08.2011 A.N., 23.08.2011 A.N എന്നീ ദിവസങ്ങളിലും ഹാജർ രേഖപ്പെടുത്തിയിട്ടില്ല. സെക്രട്ടറി തന്നെ 20.08.2011 വരെ മാത്രമേ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളൂ എന്ന് റിപ്പോർട്ടു ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സി.ആർ. ശാന്തിയെ കുറ്റമുക്തയാക്കാൻ കാരണം കാണുന്നില്ല.

ഡഫേദാർ ശ്രീമതി. നിർമ്മല പരിശോധന ദിവസം അനധികൃതമായി ജോലിയ്ക്ക് ഹാജരായിരുന്നില്ല എന്ന ആരോപണത്തിന് മകൾക്ക് പെട്ടെന്നുണ്ടായ അസുഖം കാരണം ആശുപത്രിയിൽ കൊണ്ടു പോകേണ്ടി വന്നു എന്നും അടുത്ത ദിവസം അവധി അപേക്ഷ നൽകുകയും അവധി അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകിയിരിക്കുന്നു. അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മറ്റു ദിവസങ്ങളിൽ ഓഫീസിൽ ഹാജരായിട്ടുള്ളതായും 10 ദിവസം മാത്രമേ ജൂലൈ വരെ കാഷ്വൽ ലീവ് എടുത്തിട്ടുള്ളൂ എന്നും കാണുന്നു.

സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയും, ശ്രീ. അഷറഫിന്റെ വിശദീകരണ ത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ. കെ. അഷറഫിനെ അച്ചടക്ക നടപടികളിൽ നിന്നും കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സി.ആർ. ശാന്തിക്ക് ടിയാളുടെ ഭാഗത്തു നിന്നും മേലിൽ വീഴ്ചയുണ്ടാകരുത് എന്ന 'താക്കീത്' നൽകി അച്ചടക്ക നടപടി തീർപ്പാക്കിയും, ശ്രീമതി. നിർമ്മലയുടെ വിശദീകരണത്തിന്റെയും സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ഡഫേദാർ ശ്രീമതി. നിർമ്മലയെ അച്ചടക്ക നടപടികളിൽ നിന്നും കുറ്റവിമുക്തയാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ഫിന്നി സക്കറിയ,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ. കെ. അഷറഫ്, സെക്ഷൻ ക്ലാർക്ക്, മാവേലിക്കര നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീമതി. സി.ആർ. ശാന്തി, യു.ഡി. ക്ലാർക്ക്,
മാവേലിക്കര നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീമതി. നിർമ്മല, ഡഫേദാർ,
മാവേലിക്കര നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**